# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ

## നടപടി ക്രമം,

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിനെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായും യു.ഡി.ടൈപ്പിസ്റ്റിനെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായും എൽ.ഡി.ടൈപ്പിസ്റ്റിനെ യു.ഡി.ടൈപ്പിസ്റ്റായും സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു,

---

ഉത്തരവ് നം: സി3/32024/2016/കോ.വി.വ തീയതി : 14.08.2018

---

പരാമർശം :- 1) സ.ഉ(പി)നമ്പർ.7/2016/ഫിൻ തീയതി.20.01.2016

2) 01.03.2018 തീയതിയിലെ സി3/24506/17/കോ.വി.വ നമ്പർ ഉത്തരവ്.

3) 02.07.2018 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്

4) 26.07.2018 തീയതിയിലെ സി2/22493/2017/കോ.വി.വ നമ്പർ ഉത്തരവ്

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.സീന.എസ്.വിയ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 1 ഒഴിവും പരാമർശം (4) ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരായ ലക്ഷ്മി.ജി.എസ്, മഞ്ജുഷ.എസ് എന്നിവരെ തസ്തികമാറ്റം വഴി സീനിയർ ക്ലാർക്കുമാരായി നിയമിച്ചതു മുഖേന സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ രണ്ട് ഒഴിവുകളും ഉണ്ടായിട്ടുണ്ട്.

മേൽ പരാമർശിച്ച സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിൽ ചുവടെ പറയുന്ന സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിനെ 27800-59400/-രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി കെ.എസ്.&എസ്.എസ്.ആർ പാർട്ട്-2 റൂൾ 28 പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര്, സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം അനുബന്ധം - II | സെലക്ഷൻ ഗ്രേഡായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തീയതി |
|---|---|---|---|
| 1 | രംഗമ്മ.കെ.കെ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ഗവണ്മെന്റ് കോളേജ്, മലപ്പുറം | 3 | 02.07.2018 (ശ്രീമതി.സീന.എസ്.വി ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നേടിയ ഒഴിവ്) |

സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീമതി.രംഗമ്മ.കെ.കെ-യ്ക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം അനുവദിച്ചതു മുഖേനയും, ശ്രീമതി.ലക്ഷ്മി.ജി.എസ്, ശ്രീമതി.മഞ്ജുഷ.എസ് എന്നീ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ചതു മുഖേനയുണ്ടായ 2 സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയും ചേർത്ത് ആകെ 3 സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് ചുവടെ പറയുന്ന യു.ഡി.ടൈപ്പിസ്റ്റുമാരെ 26500-56700/- രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി കെ.എസ്.& എസ്.എസ്.ആർ പാർട്ട്-2 റൂൾ 28 പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര്, സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം അനുബന്ധം - III | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തീയതി |
|---|---|---|---|
| 1 | രൂപ.ആർ, യു.ഡി.ടൈപ്പിസ്റ്റ്, ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് | 04 | 02.07.2018 (ശ്രീമതി.രംഗമ്മ.കെ.കെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നേടിയ ഒഴിവ്) |
| 2. | ഡിവേഗ്.സി.ഡേവിസ്, യു.ഡി.ടൈപ്പിസ്റ്റ്, ഗവണ്മെന്റ് കോളേജ്, ഒല്ലൂർ | 05 | 26.07.2018 (ശ്രീമതി.ലക്ഷ്മി.ജി.എസ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിനെ തസ്തിക മാറ്റിയതുമുഖേനയുണ്ടായ ഒഴിവ്) |
| 3. | ഷർമ്മിജ.കെ.എസ്, യു.ഡി.ടൈപ്പിസ്റ്റ്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, തൃശ്ശൂർ | 06 | 26.07.2018 (ശ്രീമതി.മഞ്ജുഷ.എസ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിനെ തസ്തിക മാറ്റിയതു മുഖേനയുണ്ടായ ഒഴിവ്) |

ശ്രീമതി.രൂപ.ആർ, ശ്രീ.ഡിവേഗ്.സി.ഡേവിസ്, ഷർമ്മിജ.കെ.എസ് എന്നീ യു.ഡി.ടൈപ്പിസ്റ്റുമാർക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം അനുവദിച്ചതു മുഖേനയുണ്ടായ യു.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവിൽ ചുവടെ പറയുന്ന എൽ.ഡി.ടൈപ്പിസ്റ്റുമാരെ 25200-54000/- രൂപ ശമ്പള സ്കെയിലിൽ കെ.എസ് &

എസ്.എസ്.ആർ പാർട്ട്-2 റൂൾ 28 പ്രകാരം യു.ഡി.ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്, സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം അനുബന്ധം - IV | യു.ഡി.ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തീയതി |
|---|---|---|---|
| 1 | ബീന.ജി<br>എൽ.ഡി.ടൈപ്പിസ്റ്റ്,<br>എൻ.എം.എസ്.എം ഗവണ്മെന്റ് കോളേജ്, കല്പറ്റ<br>(പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ അന്യത്രസേവനം) | 04 | 02.07.2018<br>(ശ്രീമതി.രൂപ.ആർ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകിയതുമൂഖേനയുണ്ടായ ഒഴിവിൽ)<br>(സ്ഥാനക്കയറ്റം നൽകി ഡെപ്യൂട്ടേഷനിൽ തുടരാൻ അനുവദിക്കുന്നു) |
| 2. | സവിത.കെ,<br>എൽ.ഡി.ടൈപ്പിസ്റ്റ്,<br>ഐ.എ.എസ്.ഇ, തൃശ്ശൂർ | 05 | 02.07.2018<br>(ശ്രീമതി.ബീന.ജി സ്ഥാനക്കയറ്റം നേടി അന്യത്രസേവനത്തിൽ തുടരുന്ന ഒഴിവിൽ) |
| 3. | അൻസു.എൻ.ടി,<br>എൽ.ഡി.ടൈപ്പിസ്റ്റ്,<br>പി.ടി.എം.ഗവണ്മെന്റ് കോളേജ്,<br>പെരിന്തൽമണ്ണ | 06 | 26.07.2018<br>(ശ്രീ.ഡിവേഗ്.സി.ഡേവിസിന് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ) |
| 4. | മിനിമോൾ ജോസഫ്,<br>എൽ.ഡി.ടൈപ്പിസ്റ്റ്,<br>ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്,<br>തവനൂർ | 07 | 26.07.2018<br>(ശ്രീമതി.ഷർമ്മിജ.കെ.എസിന്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ) |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിലവിലെ ചട്ടങ്ങൾക്കും സൂചന (1) ഉത്തരവിനും വിധേയമായി സ്ഥാപനമേധാവികൾ ശമ്പള നിർണ്ണയം നടത്തുകയും ബന്ധപ്പെട്ട രജിസ്റ്ററുകളിലും സേവന പുസ്തകങ്ങളിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

ഈ ഉത്തരവു പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റ് തസ്തിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ തസ്തികയിലേയ്ക്ക് ഉയർത്തി ഉത്തരവാകുന്നു.

ഒപ്പ്/-
രമേഷ്.റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
04712305547
srao.colledn@kerala.gov.in

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
2. സി.എ – ഡയറക്ടർ / അഡീഷണൽ ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫൈനാൻസ് ഓഫീസർ
3. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

*സ്ഥാനക്കയറ്റ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ www.collegiateedu.kerala.gov.in ലഭ്യമാണ്*

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി :16.08.2018